REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 05-05-2026** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **നിയമസഭാ തിരഞ്ഞെടുപ്പ് ഫലം പുറത്തുവന്നതോടെ അഞ്ച് സംസ്ഥാനങ്ങളിലും ഗവണ്മെന്റ് രൂപീകരണത്തിന് പ്രാഥമിക ചർച്ചകൾ ആരംഭിച്ചു.**
- **നിയമസഭാതെരഞ്ഞെടുപ്പിൽ പ്രതീക്ഷയിൽ കവിഞ്ഞ വിജയമാണുണ്ടായതെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല.**
- **പ്രമുഖ ചലച്ചിത്ര-സീരിയൽ നടൻ സന്തോഷ് K നായർ വാഹനാപകടത്തിൽ അന്തരിച്ചു.**
- **കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് ഹജ്ജ് യാത്രയ്ക്ക് നാളെ തുടക്കമാകും.**
- **IPL ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് , ചെന്നൈ സൂപ്പർകിംഗ്സിനെ നേരിടും.**

## വാർത്തകൾ വിശദമായി

അഞ്ച് സംസ്ഥാനങ്ങളിലെയും നിയമസഭാ തിരഞ്ഞെടുപ്പ് ഫലം പുറത്തുവന്നതോടെ പുതിയ ഗവണ്മെന്റ് രൂപീകരിക്കുന്നതിന് പ്രാഥമിക ചർച്ചകൾ ആരംഭിച്ചു. തിരഞ്ഞെടുപ്പ് പ്രതിപക്ഷ നേതാവ് VD സതീശൻ മുഖ്യമന്ത്രിയായി വരുമെന്ന് പ്രതീക്ഷിക്കുന്നവർ കോൺഗ്രസിൽ ഏറെയുണ്ട്. എന്നാൽ കൂടുതൽ കാലത്തെ പാർലമെന്ററി പ്രവർത്തനവും, രാഷ്ട്രീയപരിചയവും രമേശ് ചെന്നിത്തലയ്ക്ക് മുഖ്യമന്ത്രി പദത്തിലെത്താൻ സഹായിക്കുമെന്ന് കരുതുന്നവരും കുറവല്ല. AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ സംഘടനാ പ്രവർത്തനത്തിന് വിരാമമിട്ട് കേരളത്തിൽ മുഖ്യമന്ത്രിപദം അലങ്കരിക്കാൻ എത്തുമെന്ന് പ്രതീക്ഷിക്കുന്നവരുമുണ്ട്.

മുഖ്യമന്ത്രി ആരാകണമെന്ന കാര്യത്തിൽ കോൺഗ്രസ് ഹൈക്കമാൻഡ് വളരെ വേഗം തീരുമാനം കൈക്കൊള്ളുമെന്ന് വേണുഗോപാൽ തന്നെ കഴിഞ്ഞ ദിവസം വ്യക്തമാക്കിയിരുന്നു.

✪✪✪

മുഖ്യമന്ത്രിയെ തീരുമാനിക്കുന്നത് സംബന്ധിച്ച് ഡൽഹിയിൽ കോൺഗ്രസ് ഹൈക്കമാൻഡിന്റെ നിർണ്ണായക യോഗം വൈകിട്ട് ചേർന്നേക്കും. കോൺഗ്രസ്സ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയുടെ വസതിയിലാണ് യോഗം. പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, AICC ജനറൽ സെക്രട്ടറി K.C വേണുഗോപാൽ തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പിൽ കനത്ത പരാജയം നേരിട്ടതിന്റെ ഉത്തരവാദിത്തം മുഖ്യമന്ത്രി പിണറായി വിജയനാണെന്നും ആത്മാഭിമാനം ഉണ്ടെങ്കിൽ അദ്ദേഹം പ്രതിപക്ഷനേതാവ് സ്ഥാനം ഏറ്റെടുക്കരുതന്നും മുസ്ലീം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി PMA സലാം അഭിപ്രായപ്പെട്ടു. ധർമ്മടം മണ്ഡലത്തിൽ വോട്ട് കുറഞ്ഞത് പിണറായി വിജയനെതിരായ ജനവികാരത്തിന്റെ ഭാഗമാണെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

നിയമസഭാതെരഞ്ഞെടുപ്പിൽ പ്രതീക്ഷയിൽ കവിഞ്ഞ വിജയമാണുണ്ടായതെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. തെരഞ്ഞെടുപ്പിൽ ജനങ്ങളുടെ തരംഗമാണ് കണ്ടതെന്നും, 80 സീറ്റിന് മുകളിലായിരുന്നു പ്രതീക്ഷയെന്നും ചെന്നിത്തല പറഞ്ഞു. UDF ന്റെ പോസിറ്റീവ് അജണ്ടയ്ക്കു കിട്ടിയ അംഗീകാരമാണ് തിരഞ്ഞെടുപ്പ് ഫലമെന്നും അദ്ദേഹം സ്വകാര്യ ചാനലിനോട് പറഞ്ഞു.

✪✪✪

ഈ തെരഞ്ഞെടുപ്പിൽ കണ്ട വലിയ വിജയം കണ്ണൂർ ജില്ലയിലാണെന്ന് KPCC പ്രസിഡണ്ട് സണ്ണി ജോസഫ് അഭിപ്രായപ്പെട്ടു. 5 സീറ്റുകളിലാണ് ജില്ലയിൽ വിജയിച്ചതെങ്കിലും അഴീക്കോടും കൂത്തുപറമ്പും LDF സ്ഥാനാർത്ഥികൾക്ക് നേരിയ ഭൂരിപക്ഷം മാത്രമാണ് ലഭിച്ചതെന്നും അദ്ദേഹം പറഞ്ഞു.

പയ്യന്നൂരിലെയും തളിപ്പറമ്പിലെയും വിജയം കണ്ണൂർ ജില്ലയിലെ CPIM ന്റെ അഹങ്കാര രാഷ്ട്രീയത്തിനേറ്റ തിരിച്ചടിയാണെന്നും സണ്ണി ജോസഫ് പറഞ്ഞു. ശബരിമല സ്വർണ്ണക്കൊള്ള കേസിൽ ജയിലിലടച്ച പ്രതികൾക്ക് പാർട്ടി എല്ലാ

സംരക്ഷണം നൽകുകയും കളവ് ചൂണ്ടിക്കാണിക്കുന്ന യഥാർത്ഥ കമ്മ്യൂണിസ്റ്റുകാരെ ക്രൂശിക്കുന്ന നടപടിയും സ്വീകരിച്ചത് LDFന് വലിയ തിരിച്ചടിയായെന്ന് സണ്ണി ജോസഫ് പറഞ്ഞു.

✪✪✪

മുൻകാല അനുഭവത്തിൽ നിന്ന് പാഠം ഉൾക്കൊണ്ട് UDF പ്രവർത്തിക്കുമെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് K മുരളീധരൻ പറഞ്ഞു. ഇക്കാര്യത്തിൽ UDF ഒറ്റക്കെട്ടായി കാര്യങ്ങൾ മനസ്സിലാക്കി മുന്നോട്ടുനീങ്ങുമെന്ന് അദ്ദേഹം മാധ്യമങ്ങളോട് വ്യക്തമാക്കി. സാമൂഹിക മാധ്യമങ്ങളിലെ ചർച്ചകളല്ല മുഖ്യമന്ത്രിയെ തീരുമാനിക്കുന്നതെന്നും കോൺഗ്രസ് ഹൈക്കമാൻഡ് നടപടിക്രമങ്ങൾ പാലിച്ച് മുഖ്യമന്ത്രിയെ തീരുമാനിക്കുമെന്നും മുരളീധരൻ അറിയിച്ചു.

✪✪✪

BJP ഇല്ലാതെ കേരളത്തിൽ നിയമസഭയിൽ ഇനി മുന്നോട്ട് പോകാനാകില്ല എന്നത് നല്ല സന്ദേശമാണെന്ന് BJP നേതാവ് K.സുരേന്ദ്രൻ പറഞ്ഞു. സാമുദായിക ഏകീകരണം ശക്തമായിരുന്നു എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. മഞ്ചേശ്വരം മണ്ഡലവുമായി ബന്ധം ഒരിക്കലും കുറയുന്നില്ലെന്നും ജനങ്ങൾക്ക് ഏത് സമയത്തും സമീപിക്കാമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

തിരുവനന്തപുരം നഗരസഭയുടെ പരിധിയിൽ രണ്ടു മണ്ഡലങ്ങളിലെ BJP യുടെ വിജയം നഗരസഭാ ഭരണത്തിന്റെ വിലയിരുത്തൽ കൂടിയാണെന്ന് മേയർ VV രാജേഷ് പറഞ്ഞു. നഗരസഭയ്ക്കെതിരെ രണ്ട് മുൻ മേയർമാർ പ്രചരണം നടത്തിയെന്നും, ഇക്കാര്യത്തിൽ കളക്ടറുടെ റിപ്പോർട്ട് പുറത്തുവിടണമെന്നും മേയർ ആവശ്യപ്പെട്ടു.

✪✪✪

അമ്പലപ്പുഴയിൽ ജനം ഒപ്പം നിന്നതുകൊണ്ടാണ് വിജയം കൈവരിക്കാൻ കഴിഞ്ഞതെന്ന് CPIM മുൻ നേതാവ് G സുധാകരൻ പറഞ്ഞു. എല്ലാ ഘടകങ്ങളും അനുകൂലമായിരുന്നു എന്നും, രാഷ്ട്രീയത്തിനും മതത്തിനും അതീതമായി ജനങ്ങളിൽ വിശ്വാസമുണ്ടെന്നും അദ്ദേഹം വാർത്താ ചാനലിനോട് പറഞ്ഞു. CPIM അതിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ നിന്ന് മാറിയതുകൊണ്ടാണ് പാർട്ടി വിട്ടതെന്നും G സുധാകരൻ വ്യക്തമാക്കി.

✪✪✪

കേരള കോൺഗ്രസിന്റെ നിയുക്ത MLA മാർ  തൊടുപുഴയിൽ P.J ജോസഫിന്റെ വസതിയിൽ യോഗം ചേർന്നു. നിയമസഭാ തിരഞ്ഞെടുപ്പിൽ UDFന് മികച്ച വിജയം നേടാനായതിന്റെ പശ്ചാത്തലത്തിലാണ് നിർണായക കൂടിക്കാഴ്ച നടത്തിയത്.  വിജയിച്ച ഏഴ് പേരും യോഗത്തിൽ പങ്കെടുത്തു.  മന്ത്രിസ്ഥാനം സംബന്ധിച്ച കാര്യങ്ങളുൾപ്പെടെ യോഗത്തിൽ ചർച്ചാവിഷയമായതാണ് റിപ്പോർട്ട്.

✪✪✪

പശ്ചിമബംഗാളിൽ മമതാബാനർജിയുടെ തൃണമൂൽ കോൺഗ്രസിന്റെ 15 വർഷത്തെ ഭരണത്തിന്  അന്ത്യം കുറിച്ചാണ് 206 സീറ്റുമായി BJP ചരിത്രത്തിലാദ്യമായി ഭരണസാരഥ്യമേൽക്കുന്നത്. 81 സീറ്റ് മാത്രമാണ് തൃണമൂലിന് നേടാനായത്. മുഖ്യമന്ത്രി മമതാബാനർജി സ്വന്തം മണ്ഡലമായ ഭവാനിപൂരിൽ തോൽക്കുകയും ചെയ്തു. കോൺഗ്രസിന്റെ ലോക്സഭാ കക്ഷി നേതാവായിരുന്ന അധീർരഞ്ജൻ ചൗധരി തോറ്റ തിരഞ്ഞെടുപ്പിൽ, കോൺഗ്രസ് രണ്ട് സീറ്റിലും CPIM ഒരു സീറ്റിലും ഒതുങ്ങി. മമതാബാനർജിയെ തോൽപ്പിച്ച പ്രതിപക്ഷ നേതാവ് സുവേന്ദു അധികാരി, ബംഗാളിൽ മുഖ്യമന്ത്രിയായി എത്തിയേക്കുമെന്നാണ് കരുതുന്നത്.

അസമിൽ NDA യ്ക്ക് ഹാട്രിക് വിജയമാണ് നിയമസഭാ തിരഞ്ഞെടുപ്പിലുണ്ടായത്. BJP 82 സീറ്റിലാണ് വിജയിച്ചത്. പുതിയ മന്ത്രിസഭാ രൂപീകരണ ചർച്ചകൾ   അസമിലും സജീവമായി.

പുതുച്ചേരിയിൽ ഓൾ ഇന്ത്യ NR കോൺഗ്രസ് നയിക്കുന്ന NDA യ്ക്കാണ് ഭരണത്തുടർച്ച. 30 ൽ 18 സീറ്റാണ് മുന്നണി നേടിയത്. INDA സഖ്യത്തിന് ആറ് സീറ്റ് മാത്രമാണ് ലഭിച്ചത്. മുഖ്യമന്ത്രി N രംഗസാമി മത്സരിച്ച തട്ടാഞ്ചാവിടിലും, മംഗളം മണ്ഡലത്തിലും വിജയിച്ചു.

തമിഴ്നാട്ടിൽ മുഖ്യമന്ത്രി MK സ്റ്റാലിനും, 15 മന്ത്രിമാരും തോറ്റ തിരഞ്ഞെടുപ്പിൽ, നടൻ വിജയ് നേതൃത്വം നൽകുന്ന തമിഴക വെട്രി കഴകം 107 സീറ്റുമായി ഏറ്റവും വലിയ ഒറ്റകക്ഷിയായി.  ഭരണകക്ഷിയായ DMK മുന്നണി 74 സീറ്റിലൊതുങ്ങി. NDA സഖ്യം 53 സീറ്റ് നേടി. 234 അംഗ നിയമസഭയിൽ കേവലഭൂരിപക്ഷത്തിന് 118 സീറ്റുകളാണ് വേണ്ടത്. അതിനാൽ തുടർദിവസങ്ങളിലെ രാഷ്ട്രീയനീക്കങ്ങൾ അനുസരിച്ചായിരിക്കും തമിഴ്നാട്ടിലെ ഗവണ്മെന്റ് രൂപീകരണം.

✪✪✪

പശ്ചിമ ബംഗാളിലെ BJPയുടെ വിജയത്തെ അമേരിക്കയിലെ ഇന്ത്യൻ പ്രവാസി നേതാക്കൾ സ്വാഗതം ചെയ്തു. ഇത് ഒരു ചരിത്രപരമായ ജനവിധിയാണെന്നും

സംസ്ഥാനത്തെ ഭരണത്തിനും സുരക്ഷയ്ക്കും വികസനത്തിനും വഴിത്തിരിവാണെന്നും അവർ വിശേഷിപ്പിച്ചു.

✪✪✪

രാജ്യത്തെ പാചകവാതക വിതരണത്തിൽ കുറവില്ലെന്നും, ഒരിടത്തും ഇന്ധനക്ഷാമം ഇല്ലെന്നും പെട്രോളിയം മന്ത്രാലയം വ്യക്തമാക്കി. പശ്ചിമേഷ്യൻ സംഘർഷ സാഹചര്യത്തിൽ പരിഭ്രാന്തരായി ഇന്ധനം വാങ്ങിക്കൂട്ടേണ്ടതില്ലെന്നും മന്ത്രാലയം ആവശ്യപ്പെട്ടു.

✪✪✪

പ്രമുഖ ചലച്ചിത്ര-സീരിയൽ നടൻ സന്തോഷ് K നായർ വാഹനാപകടത്തിൽ അന്തരിച്ചു. 66 വയസ്സായിരുന്നു. അടൂർ-ഏനാത്ത് MC റോഡിൽ രാവിലെ കാർ നിയന്ത്രണം വിട്ട് പാർസൽ ലോറിയിൽ ഇടിച്ചായിരുന്നു അപകടം. ഭാര്യയ്ക്കും ലോറിഡ്രൈവർക്കും പരിക്കുണ്ട്.

1982 മുതൽ മലയാള സിനിമയിൽ സജീവമായിരുന്ന ഇദ്ദേഹം 100 ൽ അധികം ചിത്രങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. ഇരുപതാം നൂറ്റാണ്ട്, ധ്രുവം, കാര്യസ്ഥൻ, ടൈഗർ, ചന്ദ്രോൽസവം, ഇത് നമ്മുടെ കഥ, സർവകലാശാല തുടങ്ങി നിരവധി ചിത്രങ്ങളിൽ അഭിനയിച്ചു. 2014ശേഷം സിനിമകളിൽ സജീവമായിരുന്നില്ലെങ്കിലും മോഹിനിയാട്ടം എന്ന ചിത്രത്തിലൂടെ അടുത്തിടെ തിരിച്ചെത്തിയിരുന്നു. സീരിയലുകളിലും സജീവമായിരുന്നു.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് ഹജ്ജ് യാത്രയ്ക്ക് നാളെ തുടക്കമാകും. ആദ്യ വിമാനം പുലർച്ചെ 2.30 ന് പുറപ്പെടും. ഹജ്ജ് ക്യാമ്പിന്റെ ഉദ്ഘാടനം ഇന്ന് വൈകീട്ട് നാലിനാണ്.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

..........(വോയ്സ് )..............

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് , ചെന്നൈ സൂപ്പർകിംഗ്സിനെ നേരിടും. ഡൽഹിയിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് മുംബൈ സിറ്റി FC, ഈസ്റ്റ് ബംഗാൾ FC യെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് മുംബൈയിലാണ് മത്സരം.

✪✪✪

ഇന്ത്യയിലെ സൈബർ കുറ്റകൃത്യങ്ങൾ തുറന്നുകാട്ടുന്ന ആർട്ട് റിപ്പോർട്ടിംഗ് പ്രോജക്ടിന് രണ്ട് ഇന്ത്യൻ പത്രപ്രവർത്തകർക്ക് പുലിറ്റ്സർ പുരസ്കാരം ലഭിച്ചു. ആനന്ദ് RK, സുപർണ ശർമ്മ, എന്നിവർ ബ്ലൂംബെർഗിനായി തയ്യാറാക്കിയ റിപ്പോർട്ടാണ് ഇല്ലസ്ട്രേറ്റഡ് റിപ്പോർട്ടിംഗ് ആൻഡ് കമന്ററി വിഭാഗത്തിൽ പുരസ്കാരത്തിന് അർഹമായത്.

അമേരിക്കയിലെ ഏറ്റവും ഉയർന്ന പത്രപ്രവർത്തന ബഹുമതിയാണ് പുലിറ്റ്സർ പുരസ്കാരങ്ങൾ.

✪✪✪

ഡൽഹി പൊലീസ് അന്തർ സംസ്ഥാന സൈബർ തട്ടിപ്പുസംഘത്തെ ഉത്തരാഖണ്ഡിൽ പിടികൂടി. ഓൺലൈൻ വഴി ബാങ്ക് അക്കൗണ്ടുകൾ ഉപയോഗിച്ച് നിക്ഷേപ തട്ടിപ്പുകളും, നികുതി തട്ടിപ്പുകളും നടത്തിവന്ന സംഘത്തെയാണ് അറസ്റ്റ് ചെയ്തത്.

✪✪✪

കൊയിലാണ്ടി ദേശീയപാതയിൽ KSRTC ബസ്സും ലോറിയും കൂട്ടിയിടിച്ചു. ക്യാബിനിൽ കുടുങ്ങിയ ലോറി ഡ്രൈവറെ നാട്ടുകാർ ആശുപത്രിയിൽ എത്തിച്ചു.

✪✪✪

കണ്ണൂർ വേങ്ങാട് പഞ്ചായത്തിലെ കീഴത്തൂരിൽ കോൺഗ്രസ് ഓഫിസായ രാജീവ് ഭവന് നേരെ ഇന്ന് പുലർച്ചെ അക്രമണം ഉണ്ടായി. ജനൽ ചില്ലും, കൊടിമരവും ഫർണ്ണിച്ചറുകൾ നശിപ്പിച്ചു.

✪✪✪

സംസ്ഥാനത്ത് ചിലയിടങ്ങളിൽ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്ന് ജാഗ്രതാ നിർദ്ദേശം ഇല്ല. കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪

ഇടുക്കി പന്നിയാർ പുഴയോരത്തെ താമസക്കാരെ ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പൂപ്പാറയിൽ സംഘർഷാവസ്ഥ. വീടുകളിലെ വൈദ്യുതി ബന്ധം വിച്ഛേദിക്കാനെത്തിയ ഉദ്യോഗസ്ഥരെ നാട്ടുകാർ തടഞ്ഞതിനെ തുടർന്നാണ് സംഘർഷം. ഹൈക്കോടതി ഉത്തരവിനെത്തുടർന്ന് പുഴയോരത്തെ പുറമ്പോക്ക് ഭൂമിയിലെ താമസക്കാരെ ഒഴിപ്പിക്കുന്ന നടപടികളുമായാണ് അധികൃതർ എത്തിയത്.

✪✪✪

കൊല്ലം ശക്തികുളങ്ങരയിൽ മത്സ്യബന്ധനത്തിനിടെ ഇന്നലെ വൈകിട്ട് ശക്തമായകാറ്റിൽ ഫൈബർ വള്ളം കടലിൽ മുങ്ങി. വള്ളത്തിലുണ്ടായിരുന്ന മൂന്ന് മത്സ്യത്തൊഴിലാളികളെ മറ്റു വള്ളക്കാർ രക്ഷപ്പെടുത്ത ആശുപത്രിയിൽ എത്തിച്ചു.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: News Team: അനിൽ ചന്ദ്രൻ നിമിഷ ജി, അൻഷ കരീം*
*DEO : ഷീബ*